GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

14-06-2021

# കാർഷികവാർത്തകൾ

## 1. ഓണത്തിന് ഒരു മുറം പച്ചക്കറി

ഓണത്തിന് ഒരു മുറം പച്ചക്കറി എന്ന ആശയം പ്രായോഗികമാക്കുന്നതു ലക്ഷ്യമിട്ടുകൊണ്ട് കർഷകർക്കും, വിദ്യാർഥികൾക്കും, വനിതാഗ്രൂപ്പുകൾക്കും, സന്നദ്ധസംഘടനകൾക്കും കൃഷിഭവൻ മുഖാന്തിരം സൗജന്യമായി പച്ചക്കറി വിത്തുകളും തൈകളും നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് പ്രാദേശിക കൃഷി ഓഫീസുമായി ബന്ധപ്പെടുക.

## 2. അറിയിപ്പ്:

സന്നദ്ധ സംഘടനകളുടെയും റസിഡൻഷ്യൽ അസോസിയേഷനുകളുടെയും സഹകരണത്തോടെ വിഷരഹിതമായി കാസർകോട്ടെ മണ്ണിൽ ഉത്പാദിപ്പിച്ച ഉത്പാദിപ്പിച്ച ഫാം ഫ്രഷ് പച്ച കപ്പ ജനങ്ങളിലേക്ക് നേരിട്ടെത്തിക്കാനായി കൃഷി വകുപ്പ് 'കാസർകോട് കപ്പ ചാലഞ്ച്' സംഘടിപ്പിക്കുന്നു. ചാലഞ്ചിന്റെ ഭാഗമാകാൻ താത്പര്യമുള്ളവർക്ക് കൃഷി വകുപ്പ് അധികൃതരുമായി ഇനി പറയുന്ന നമ്പരുകളിൽ ബന്ധപ്പെടാം.

പരപ്പ ബ്ലോക്ക്: **9383471976, 9383472351**

കാറഡുക്ക ബ്ലോക്ക്: **9383471978**

നീലേശ്വരം ബ്ലോക്ക്: **9383472331**

## 3. പശു ഡയറി യൂണിറ്റുകൾക്ക് അപേക്ഷ ക്ഷണിച്ചു

ആലപ്പുഴ ജില്ലയിലെ ക്ഷീരവികസന വകുപ്പിന്റെ 2021-22 ലെ വാർഷിക പദ്ധതിയിലെ മിൽക്ക് ഷെഡ്ഡ് ഡെവലപ്പ്മെന്റ് പ്രോഗ്രാം (എം.എസ്.ഡി.പി) എന്ന പദ്ധതിയിൽപ്പെടുത്തി ക്ഷീരകർഷകർക്ക് 1 പശു ഡയറി യൂണിറ്റ്, 2 പശു ഡയറി യൂണിറ്റ് 5 പശു ഡയറി യൂണിറ്റ്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കാലിത്തൊഴുത്ത് നിർമ്മാണ-നവീകരണ ധനസഹായം, കംപോസിറ്റ് ഡയറി യൂണിറ്റുകൾക്കുള്ള ധനസഹായം, ആവശ്യാധിഷ്ഠിത ധനസഹായം എന്നിങ്ങനെ വൈവിധ്യ ങ്ങളായ പദ്ധതി ധനസഹായത്തിന് അപേക്ഷ ക്ഷണിച്ചു. താല്പര്യമുള്ളവർ അതാത് ബ്ലോക്കുകളിൽ പ്രവർത്തിയ്ക്കുന്ന ക്ഷീരവികസന യൂണിറ്റ് ഓഫീസുകളിൽ ഈ മാസം (ജൂൺ) 20-ാം തീയതിയ്ക്ക് മുൻപായി അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

ഓൺലൈൻ പരിശീലനങ്ങൾ

4. **വെള്ളായണിക്കര ഇൻസ്ട്രക്ഷണൽ ഫാമിന്റെ** നേതൃത്വത്തിൽ ഈ മാസം 15, 16, 17 തീയതികളിൽ രാവിലെ 10.30 മുതൽ 1.00മണി വരെ 'ഹൈടെക്ക് അടുക്കളനിർമ്മാണവും പരിപാലനവും' എന്ന വിഷയത്തിൽ പരിശീലനം നൽകുന്നു. കാൽ സെന്റിലും അര സെന്റിലും അടുക്കളത്തോട്ടം നിർമ്മിക്കുന്നതിനെ കുറിച്ച് നൽകുന്ന പരിശീലനത്തിനെ കുറിച്ച് കൂടുതൽ വിവരങ്ങൾക്ക് 9995953654, 9961533547, 7736690639എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

5. **ആലുവ മൃഗസംരക്ഷണ പരിശീലകേന്ദ്രത്തിൽ** വച്ച് ഈ മാസം 15-ന് താറാവ് വളർത്തൽ, 25-ന് ക്യാറ്റിൽ ഫാം മാനേജ്മെന്റ്, 30-ന് നായ്ക്കളിലെ പ്രത്യുത്പാദനവും പ്രജനന രീതികളും എന്നീ വിഷയങ്ങളിൽ ഗൂഗിൾമീറ്റ് മുഖേന പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. താത്പര്യമുള്ള കർഷകർ 9188522708 എന്ന നമ്പരിൽ വിളിക്കുകയോ പേരും പരിശീലന വിഷയവും വാട്ട്സ് ആപ്പ് സന്ദേശമായ് അയച്ചോ രജിസ്റ്റർ ചെയ്യണമെന്ന് ആലുവ മൃഗസംരക്ഷണകേന്ദ്രം ഡെപ്യൂട്ടിഡയറക്ടർ അറിയിച്ചു.

6. **ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയോട**നുബന്ധിച്ച് പ്രവർത്തിക്കുന്ന പരിശീലന കേന്ദ്രത്തിൽ കർഷകർക്കായി ഈ മാസം 18-ന് 'കാടവളർത്തൽ', 24 മുതൽ 25 വരെ 'ആട്വളർത്തൽ' എന്നീ വിഷയങ്ങളിൽ സൗജന്യപരിശീലനം ഓൺലൈനായി നടത്തുന്നു.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

താൽപര്യമുള്ളകർഷകർ 9188522703 എന്ന നമ്പറിൽ ഓഫീസ് പ്രവർത്തന സമയത്ത് ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

7. തിരുവനന്തപുരം **കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന** കേന്ദ്രത്തിൽ വച്ച് ഈ മാസം 15, 16 പശുവളർത്തൽ 23, 24 എരുമ വളർത്തൽ എന്നീ വിഷയങ്ങളിൽ ഓൺലൈൻ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് കർഷകർക്ക് പ്രവർത്തി ദിവസങ്ങളിൽ 0471-2732918, 9188522701 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക

8. തിരുവനന്തപുരം **വെള്ളനാട് മിത്രാനികേതൻ** കൃഷിവിജ്ഞാനകേന്ദ്രത്തിൽ നിന്നും ഈ മാസം 15-ന് പച്ചക്കറികൃഷിയിൽ ജൈവരോഗ-കീട നിയന്ത്രണ മാർഗങ്ങൾ, 17-ന് മട്ടുപ്പാവിലെ പച്ചക്കറി കൃഷി തുടങ്ങിയ വിഷയങ്ങളിൽ ഓൺലൈൻ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 9446911451 എന്ന നമ്പരിൽ ബന്ധപ്പെടുക.

9. ***റബ്ബറിന് വളമിടുന്നത്*** സംബന്ധിച്ച് റബ്ബർബോർഡ് ഈ മാസം 16-ന് ഉച്ചയ്ക്ക് 2.30 മുതൽ വൈകിട്ട് 4.30 വരെ ഓൺലൈൻ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് 0481 2353127 എന്ന നമ്പറിലും 7994650941 എന്ന വാട്സ്ആപ്പ് നമ്പറിലും ബന്ധപ്പെടാം.

10. **ഷീറ്റ് റബ്ബർ സംസ്കരണം, തംതിരിക്കൽ** എന്നീ വിഷയങ്ങളിൽ റബ്ബർ ബോർഡ് ഈ മാസം 17, 18 തീയതികളിൽ ഓൺലൈൻ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 04812353127, 04812353201, 7994650941 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

11. കാർഷികനിർദ്ദേശങ്ങൾ

- കായ്ചീയൽ രോഗത്തിനെ ചെറുക്കാൻ വഴുതനവിത്തുകൾ ചൂട്വെള്ളത്തിൽ അര മണിക്കൂർ മുക്കിവച്ചതിനു ശേഷം നടുക. ബോർഡോമിശ്രിതം 0.8 ശതമാനം മണ്ണിൽ ഒഴിച്ചുകൊടുക്കുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

- മഴക്കാലമായതിനാൽ കുരുമുളകിൽ ദ്രുതവാട്ടം കാണാൻ സാധ്യത ഉള്ളതിനാൽ ഇതിനെ പ്രതിരോധിക്കുന്നതിനായി ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രിതം കോപ്പർഓക്സിക്ലോറൈഡ് മൂന്ന് ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിലോ തളിച്ചുകൊടുക്കുക. രോഗം ബാധിച്ച ഇലകൾ നീക്കം ചെയ്ത ശേഷം സ്പ്രേ ചെയ്യുക.

- തെങ്ങുകളിൽ കണ്ടുവരുന്ന ഒരു രോഗമാണ് ചെന്നീരൊലിപ്പ്. തെങ്ങിൻ തോപ്പുകളിൽ നീർവാർച്ച ഉറപ്പുവരുത്തുക. രോഗംബാധിച്ച രോഗങ്ങൾ മുറിച്ചുമാറ്റി 10 ശതമാനം വീര്യമുള്ള ബോർഡോ കുഴമ്പ് തേക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തി.